**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3015 — 10-05-2017 ൽ മറുപടിയ്ക്ക്

## അഗ്നിശമന സേനയിൽ ഫയർ വുമൺമാർക്ക് നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | അഗ്നിശമന സേനയിൽ ഫയർ വുമൺമാരെ നിയമിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; | എ) അഗ്നിശമന സേനയിൽ ഫയർ വുമൺമാരെ നിയമിക്കുവാനുള്ള നിർദ്ദേശം പരിഗണിച്ചുവരുകയാണ്. |
| ബി) | എത്രപേരെ നിയമിക്കുവാനാണ് തീരുമാനം എടുത്തതെന്നും, ഇതുസംബന്ധിച്ച പ്രത്യേക ചട്ടങ്ങളുടെ രൂപീകരണം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ? | ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 31-01-17 ന് നടന്ന ഉദ്യോഗസ്ഥ തല യോഗ തീരുമാനപ്രകാരം ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പിലെ ഏതൊക്കെ മേഖലകളിലാണ് വനിതകളുടെ സേവനം കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നത് എന്നത് സംബന്ധിച്ച വിശദമായ ശുപാർശ ലഭ്യമാക്കുവാൻ ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ